കാഞ്ഞിരപ്പള്ളി ബൈപാസ് റോഡ്

88(2711) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ബൈപാസ് നിർമ്മാണത്തിനായി എസ്സ്.എൽ.ഇ.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ തുടർ നടപടികൾ ഏതു ഘട്ടത്തിലാണ് വ്യക്തമാക്കാമോ ;

(സി) സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ആകെ 24 സ്ഥല ഉടമകളിൽ 2 പേർ മാത്രമാണ് നെഗോസിയേഷൻ മുഖേന ഭൂമി ഏറ്റെടുക്കുന്നതിനുള്ള സമ്മതപത്രം നൽകിയിട്ടുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിന് Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013-ലെ സെക്ഷൻ 4(1) അനുസരിച്ച് സാമൂഹിക ആഘാത പഠനം നടത്തി സെക്ഷൻ 11(1) നോട്ടിഫിക്കേഷനും സെക്ഷൻ 19 ഡിക്ലറേഷനും പുറപ്പെടുവിക്കേണ്ടതുണ്ട്. ഡിക്ലറേഷൻ പുറപ്പെടുവിച്ചശേഷം സ്ഥലമുടമകൾ State Policy for Compensation and Transparency in Land Acquisition അനുസരിച്ച് നെഗോസിയേറ്റഡ് സെറ്റിൽമെന്റിന് തയ്യാറായാൽ (opt ചെയ്താൽ) District Level Fair Compensation rehabilitation and resettlement Committee (DLFC) ചർച്ചയിലൂടെ വില നിശ്ചയിച്ച് ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് എസ്.എൽ.ഇ.സി. അംഗീകാരം നൽകി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ 30%-ഉം കണ്ടിജൻസി ചാർജ്ജിനത്തിൽ 5%-ഉം ഉൾപ്പെടെ 35% തുക ആദ്യം തന്നെ അർത്ഥനാധികാരി കെട്ടിവച്ചെങ്കിൽ മാത്രമേ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

ഭൂരഹിതരില്ലാത്ത കേരളം

89 (2712) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഭൂമി ലഭിക്കുന്നതിനായി എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ട്, എത്ര പേർക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട് എന്നത് സംബന്ധിച്ച വിശദാംശം താലൂക്ക് തിരിച്ച് നൽകുമോ;

(ബി) ഭവന നിർമ്മാണത്തിന് ലഭിച്ച ഭൂമി യോജ്യമല്ല എന്ന് കാട്ടി എത്ര പേർ പരാതി നൽകിയിട്ടുണ്ട്, ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ ഭ്രരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ എണ്ണം, ഗുണഭോക്താക്കളുടെ എണ്ണം, വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം എന്നിവ താലൂക്ക് തിരിച്ച് താഴെ ചേർക്കുന്നു:

താലൂക്ക്	അപേക്ഷകളുടെ എണ്ണം	തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം
ഉടുമ്പൻചോല	637	476	476
ഇടുക്കി	672	457	457
തൊടുപുഴ	2475	2265	2265
പീരുമേട്	3458	2866	2866
ദേവികുളം	3253	2497	2497

(ബി) വീട് വയ്ക്കാൻ അനുയോജ്യമായ ഭൂമിയാണ് പദ്ധതി പ്രകാരം അനുവദിച്ചുനൽകുന്നത്. അനുവദിച്ചുകഴിഞ്ഞ ഭൂമി വാസയോഗ്യമല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടാൽ സത്വരമായ പരിഹാര നടപടികൾ സ്വീകരിക്കാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി

90 (2713) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭ്രരഹിതരില്ലാത്ത കേരളം പദ്ധതിയിൽ നാളിതുവരെ എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ട് ;

(ബി) ദേവികുളം താലൂക്കിൽ ഭ്രരഹിതർക്കായി നൽകിയ പട്ടയത്തിനായി ഭൂമി നൽകാനായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിവിധ വകുപ്പുകളുടേയും പഞ്ചായത്തുകളുടേയും അധീനതയിലുള്ള ഭൂപ്രദേശങ്ങളുടെ പട്ടയങ്ങൾ ഭ്രരഹിതരായവർക്ക് നൽകാനിടയായത് അന്വേഷണ വിധേയമാക്കുമോ;

(ഡി) ഈ പ്രദേശത്ത് നടത്തിയ മെഗാപട്ടയമേളയ്ക്ക് എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കാമോ?